വൈദ്യുതി മോഷണത്തിനുള്ള പിഴ തുക

23 (4014) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുത മോഷണം പിടികൂടി പിഴയിട്ടതിൻ പ്രകാരമുള്ള തുക പൂർണ്ണമായും വൈദ്യുതി ബോർഡിന്റെ അക്കൗണ്ടിൽ വരാത്ത സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വൈദ്യുത മോഷണ പ്രകാരം ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് പ്രതിദിനം എത്ര രൂപ വരെ പിഴശിക്ഷയായി നിശ്ചയിച്ചു നൽകുന്നു ;

(സി) ആയതിൽ എത്ര തുക ബോർഡിന്റെ അക്കൗണ്ടിൽ വരുന്നുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ഡി) പിഴതുക അറിയിച്ച് അയക്കുന്ന നോട്ടീസുകളിൽ, വിചാരണ കഴിയുമ്പോൾ തുക നാമമാത്രമായി നിശ്ചയിക്കേണ്ടി വരുന്ന സാഹചര്യം വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രതിദിനം ഒരു നിശ്ചിത തുക പിഴ ശിക്ഷയായി നിശ്ചയിച്ച് നൽകണമെന്ന പ്രത്യേക നിബന്ധനകളൊന്നും നിലവിലില്ല. പിഴ ശിക്ഷ വളരെ കുറഞ്ഞ ദിവസവും വളരെ കൂടിയ ദിവസവുമുണ്ട്. 2014-ൽ ഇതുവരെ പ്രതിദിനം ശരാശരി പിഴശിക്ഷയായി 1,67,850 രൂപ നിശ്ചയിച്ച് നൽകിയിട്ടുണ്ട്.

(സി) ടി തുകയിൽ പ്രതിദിനം ശരാശരി 1,42,339 രൂപ ബോർഡിന്റെ അക്കൗണ്ടിൽ വന്നിട്ടുണ്ട്.

(ഡി) വൈദ്യുതി നിയമം 2003 സെക്ഷൻ 126 പ്രകാരമാണ് വൈദ്യുതി ദുരുപയോഗം/മോഷണത്തിന് പിഴ ചുമത്തുന്നത്. വൈദ്യുതി മോഷണം/ദുരുപയോഗം പിടിക്കപ്പെട്ടാൽ, ആയത് നടത്തിയത് എന്ന് മുതൽ ആണെന്ന് വ്യക്തമാണെങ്കിൽ ആ തീയതി മുതലും, അതല്ലെങ്കിൽ പരിശോധന നടന്ന ദിവസം മുതൽ പൂർവകോട്ട് ഒരു വർഷ കാലാവധിയുമാണ് പിഴ തുക കണക്കാക്കുന്നത്. വൈദ്യുതി മോഷണം/ദുരുപയോഗം പിടിക്കുന്ന ഉദ്യോഗസ്ഥന്റെ മുമ്പാകെ പരിശോധനാവേളയിൽ മതിയായ തെളിവുകളും രേഖകളും ഹാജരാക്കാൻ ഉപഭോക്താവിന് കഴിയാതെ വരുമ്പോൾ പരിശോധന നടത്തുന്ന ഉദ്യോഗസ്ഥൻ നിലവിലെ സംവിധാനം അനുസരിച്ച് പിഴ ചുമത്തുന്നതിന് നടപടി സ്വീകരിക്കുന്നു. അസ്സസ്സിംഗ് ഓഫീസർ കൂടിയായ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനിയർ പിഴ തുകയ്ക്ക് ഒരു താൽക്കാലിക ബില്ല് ഉപഭോക്താവിന് നൽകുകയും

LIBRARY ARCHIVES Kerala Legislative Assembly

ടി ബില്ലിൽ എതിർപ്പുണ്ടെങ്കിൽ ഉപഭോക്താവ് ആയത് അസ്സസ്സിംഗ് ഓഫീസറെ അറിയിക്കുകയും ഉപഭോക്താവ് നൽകുന്ന തെളിവുകളുടേയും രേഖകളുടേയും അടിസ്ഥാനത്തിൽ പിഴ ഇുകയിൽ അസ്സസ്സിംഗ് ഓഫീസർ കുറവ് വരുത്തുകയും ചെയ്യുന്നു. അങ്ങനെ നൽകുന്ന അന്തിമ ബില്ലിൽ വീണ്ടും പരാതി ഉണ്ടെങ്കിൽ ഉപഭോക്താവിന് അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഉപഭോക്താവിന്റെ പരാതിയിൽ കഴമ്പുണ്ടെങ്കിൽ തന്റെ മുന്നിൽ ലഭിക്കുന്ന തെളിവിന്റേയും രേഖകളുടേയും അടിസ്ഥാനത്തിൽ പിഴയുകയിൽ വീണ്ടും കുറവ് വരുത്തുന്നതിന് അപ്പീൽ അധികാരിക്ക് അധികാരമുണ്ടായിരിക്കും.

വൈദ്യുതി വിതരണ മേഖല ശക്തിപ്പെടുത്തുന്ന പദ്ധതികൾ

24 (4015) ശ്രീ. കെ. അച്ചുതൻ :

ശ്രീ. സണ്ണി ജോസഫ് :

ശ്രീ. ലൂഡി ലൂയിസ് :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി വിതരണ മേഖല ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്;

(ബി) ഈ സർക്കാരിന്റെ കാലത്ത് ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതിക്കായി ഏതെല്ലാം തരം സബ്സ്റ്റേഷനുകളുടെയും അനുബന്ധ ലൈനുകളുടെയും നിർമ്മാണമാണ് പൂർത്തിയാക്കിയിട്ടുള്ളത്; വിശദമാക്കുമോ?

ഉത്തരം

(എ) വൈദ്യുതി വിതരണ മേഖല ശക്തിപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് പുനരാവിഷ്കൃത ഊർജ്ജിത ഊർജ്ജ വികസന പരിഷ്കരണ പദ്ധതി (RAPDRP) പദ്ധതി പ്രദേശത്തെ വൈദ്യുതി വിതരണം പൂർണ്ണമായും ആധുനികവത്കരിച്ച് പ്രസരണ വിതരണ വാണിജ്യ നഷ്ടം 15% ത്തിൽതാഴെയാക്കി കുറയ്ക്കുന്നതിനും ഗുണമേന്മയുള്ള വൈദ്യുതി എല്ലാ ഉപഭോക്താക്കൾക്കും ലഭ്യമാക്കാനുമാണ് ഈ പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. 1078 കോടി രൂപ അടങ്കൽ ഇുകയുള്ള പദ്ധതിയ്ക്കാണ് കേന്ദ്രഗവൺമെന്റ് അനുമതി നൽകിയത്. ഈ പ്രവൃത്തികൾ കേരളത്തിലെ 43 പട്ടണങ്ങളിൽ പുരോഗമിച്ചു വരുന്നു. ഇതിനു പുറമേ കേരള സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ്

LIBRARY ARCHIVES Kerala Legislative Assembly